പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.630

29.11.2018 ൽ മറുപടിയ്ക്ക്

## ദേവികുളം അഡ്വഞ്ചർ അക്കാഡമിയുടെ പുനരുദ്ധാരണം

ചോദ്യം

ശ്രീ. എസ്. രാജേന്ദ്രൻ

മറുപടി

ശ്രീ.ഇ.പി.ജയരാജൻ
(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | യുവജനക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന ദേവികുളം അഡ്വഞ്ചർ അക്കാഡമിയുടെ പ്രവർത്തനം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ലയിൽ ദേവികുളത്ത് നാഷണൽ അഡ്വഞ്ചർ അക്കാഡമി പ്രവർത്തിച്ചിരുന്ന കെട്ടിടം പുതുക്കിപ്പണിയുന്നതിനായി അക്കാദമിയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം പുനർനിർമ്മിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയ സർക്കാർ അംഗീകൃത ഏജൻസിയായ Kerala Electrical and Allied Engineering Ltd. (KEL) തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് പരിഗണിച്ച് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് 3,05,03,297/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ദേശീയ സാഹസിക അക്കാഡമി വിപുലീകരിച്ച് ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് വിദഗ്ധരെ ചുമതലപ്പെടുത്തുന്നതിനും, അക്കാഡമിയുടെ എതിർവശത്ത് ഇപ്പോൾ ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കൈവശമുള്ളതും റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ 5 ഏക്കറോളം ഭൂമി അക്കാഡമിയുടെ ആവശ്യത്തിലേക്കായി ബോർഡിന് കൈമാറി |
| (ബി) | പ്രസ്തുത സ്ഥാപനം പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനായുമുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. സാഹസിക അക്കാഡമിയിലെ ക്യാമ്പിംഗ് സൗകര്യം ഇടുക്കി ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസറുടെ മേൽനോട്ടത്തിൽ ഇപ്പോഴും മുടക്കമില്ലാതെ ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ